


അസോസിയേഷൻ ഓഫ് ബ്രിട്ടീഷ് സ്കോളേഴ്സ് 'ഇന്ത്യയുടെ ഊർജ സുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ യുകെ യിലെ ഇന്റർനാഷനൽ ജേണൽ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസ് എഡിറ്റർ ഇൻ ചീഫ് ഡോ. മൈക്കിൾ ബ്രെറ്റ് ക്രോതർ മുഖ്യ പ്രഭാഷണം നടത്തുന്നു. ഗോപകുമാർ നായർ, പ്രഫ. ജേക്കബ് ചാക്കോ, ഡോ. ക്രിസ്റ്റി എൽ. ഫെർണാണ്ടസ്, ബ്രിട്ടീഷ് കൗൺസിൽ ഡയറക്ടർ ക്രിസ് ഗിബ്സൺ.

# 'ഇന്ത്യ ഊർജോൽപാദനം ആറിരട്ടി വർധിപ്പിക്കേണ്ടത് അനിവാര്യം'

കൊച്ചി: വികസന രംഗത്ത് മുന്നേറുന്ന ഇന്ത്യ നാളെയുടെ ആവശ്യങ്ങൾ നേരിടുന്നതിനായി ഊർജോൽപാദനം ആറിരട്ടി വർധിപ്പിക്കേണ്ടതുണ്ടെന്ന് രാഷ്ട്രപതിയുടെ സെക്രട്ടറി ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് പറഞ്ഞു. അസോസിയേഷൻ ഓഫ് ബ്രിട്ടീഷ് സ്കോളേഴ്സ് 'ഇന്ത്യയുടെ ഊർജ സുരക്ഷ' എന്ന വിഷയത്തിൽ നടത്തിയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മിതമായ വിലയ്ക്ക് ശുദ്ധമായ ഊർജത്തിന്റെ ഉറപ്പായ ലഭ്യതയാണ് ഊർജ സുരക്ഷകൊണ്ട് അർഥമാക്കുന്നതെന്ന് ക്രിസ്റ്റി ഫെർണാണ്ടസ് പറഞ്ഞു. ഇന്ത്യയിൽ ഊർജത്തിന്റെ ലഭ്യത കുറവാണ്. ആഗോള ഊർജ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ അഞ്ചിലൊന്ന്

മാത്രമാണ് ഇന്ത്യയുടേത്. ഇത് പല വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. കൽക്കരി, എണ്ണ തുടങ്ങി ഇറക്കുമതി ചെയ്യുന്ന ഇന്ധനത്തെയാണ് രാജ്യം ഊർജത്തിനായി ഇന്നും ആശ്രയിക്കുന്നത്.

രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ വൻ മുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്. അടുത്ത രണ്ടു ദശാബ്ദങ്ങളിലും ജിഡിപി ഈ നിലയിൽ കുതിക്കേണ്ടതുണ്ട്.

എങ്കിൽ മാത്രമെ രാജ്യം സമ്പൂർണ വികസനം നേടാനും ദാരിദ്ര്യ നിർമാർജനം ഉറപ്പാക്കാനും കഴിയൂ. സംശുദ്ധമായ ഊർജോൽപാദനം ഈ നേട്ടത്തിന് അനിവാര്യമാണെന്ന് ക്രിസ്റ്റി ഫെർണാണ്ടസ് പറഞ്ഞു. കാർബൺ നിക്ഷേപം കുറച്ച് ആഗോള താപനത്തിന്റെ അളവ് കുറയ്ക്കാൻ ഓരോ രാജ്യവും പ്രതിജ്ഞാബദ്ധമാകണമെന്ന് യുകെ യിലെ ഇന്റർനാഷനൽ ജേണൽ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസ് എഡിറ്റർ ഇൻ ചീഫ് ഡോ. മൈക്കിൾ ബ്രെറ്റ് ക്രോതർ പറഞ്ഞു. വെള്ളം മനുഷ്യന്റെ ജൻമാവകാശം എന്ന് പറയുന്നതുപോലെ ഊർജം ജൻമാവകാശമെന്നു പറയാനാവില്ല. പക്ഷെ സാമൂഹിക–സാമ്പത്തിക വികസനത്തിന് ഊർജം അനിവാര്യമാണ്. നാളെയെ മുന്നിൽ കണ്ടുള്ള ഊർജ ഉപയോഗവും പര്യവേക്ഷണവുമാണ് ഇനിയുണ്ടാകേണ്ടതെന്ന് ഡോ. മൈക്കിൾ പറഞ്ഞു. അസോസിയേഷൻ ഓഫ് ബ്രിട്ടീഷ് സ്കോളേഴ്സ് പ്രസിഡന്റ് പ്രഫ. ജേക്കബ് ചാക്കോ അധ്യക്ഷനായിരുന്നു. ബ്രിട്ടീഷ് കൗൺസിൽ ഡയറക്ടർ ക്രിസ് ഗിബ്സൺ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ ഡോ. ബി.വി. സെൽവരാജ്, പ്രഫ. ബ്രെറ്റ് സിങ്, സിഎസ്എംസിആർഐ ഡയറക്ടർ ഡോ. പി.കെ. ഘോഷ്, പ്രഫ. എം. രവീന്ദ്രൻ, എ.ജെ. സോളമൻ, ഡോ. പി.ടി. മാത്യു എന്നിവർ പ്രസംഗിച്ചു.